

ആർദ്രത






ലോകവിസ്മയം



# പ്രണാമം



ഓം സഹ നാവവതു, സഹ നൗ ഭുനക്തു,

സഹ വീര്യം കരവാവഹൈ, തേജസ്വി നാവധീതമസ്തു, മാ വിദ്വിഷാവഹൈ.

ഓം ശാന്തി ശാന്തി ശാന്തിഃ


ലോകവിസ്മയം



## വന്ദനം



## ഓം നമോ നാരായണായ




# സമർപ്പണം

കൈററിൻെറ നേതൃത്വത്തിൽ പ്രത്യേക കമ്പ്യൂട്ടർപഠനത്തിന് ആരംഭം കുറിച്ച ഞങ്ങൾ ഇത് വായിക്കുന്ന ഓരോരുത്തരോടുമായി ഞങ്ങൾ പഠിച്ച കാര്യങ്ങൾ പങ്കുവെയ്ക്കുന്നു

ഗുരുകുലത്തിലെ അദ്ധ്യാപകരുടേയും വിദ്യാർത്ഥികളുടേയും രചനകളാണിതിൽ ഉൾപ്പെട്ടുത്തിയിട്ടുള്ളത്. അനുദിനം അറിവിൻെറ ലോകത്തിലേക്ക് പറന്നുകൊണ്ടിരിക്കുന്ന ഞങ്ങൾ വരുംകാലങ്ങളിൽ പഠിക്കാനിരിക്കുന്ന വിദ്യാർത്ഥികളുടെ ഉണർവിലേക്കായി ഈ എളിയ ഉപഹാരം സമർപ്പിക്കുന്നു


വികസിച്ചുകൊണ്ടിരിക്കുന്ന വിവരവിനിമയ സാങ്കേതികവിദ്യയുടെ വിസ്മയലോകത്തേക്ക് കുതിച്ചുയരുന്ന കുരുന്നുകൾക്ക് ഞങ്ങളുടെ ഈ പുസ്തകം പ്രചോദനമാകുമെന്ന് പ്രത്യാശിക്കുന്നു. പുത്തൻപഠനാനുഭവങ്ങളിലൂടെ ഓരോരുത്തരും ഉയരുകവഴി രാഷ്ട്രപുരോഗതിയും ലോകപുരോഗതിയും ഉയരാൻ ഭഗവാൻ അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു

കൈററ് വിദ്യാർത്ഥികൾ



## താളുകൾ  മറിയുമ്പോൾ


പ്രണാമം........................................................................................................................................2
വന്ദനം............................................................................................................................................3
സമർപ്പണം....................................................................................................................................4
ശ്രീരാമകൃഷ്ണ സംഘം...ഗുരുകുലം...വിദ്യാമന്ദിരം...ചരിത്രസ്മരണ..............................................................6
.....................................................................................................................................................6
ഭാരതപുത്രി ഭഗിനി നിവേദിത.........................................................................................................8
സൗഹൃദം.......................................................................................................................................9
വീണ്ടെടുക്കുമോ ആ സ്വർഗ്ഗരാജ്യം...................................................................................................10
അമ്മ............................................................................................................................................12
ഉണ്ണിയുടെയൊരു പെടാപാട്.........................................................................................................13
നിരുപദ്രവാചാരങ്ങൾ.................................................................................................................15
ഒരു തീരാനൊമ്പരം........................................................................................................................17
ചില പ്രധാന ദിനങ്ങൾ..................................................................................................................19
ഞാൻ വായിച്ചറിഞ്ഞ ഗുണപാഠങ്ങൾ............................................................................................23
INNOCENCE...............................................................................................................................26
എൻെറ കമ്പ്യൂട്ടർ കളികൾ...............................................................................................................28
ഉലകത്തിനാനന്ദം.........................................................................................................................29
ഒരു ദേശീയദിന സ്മരണ..................................................................................................................32



## ശ്രീരാമകൃഷ്ണ സംഘം...ഗുരുകുലം...വിദ്യാമന്ദിരം...ചരിത്രസ്മരണ....._

..........................................................................

കല്മഷ പൂരിത ഭാവം
വെടിഞ്ഞിട്ടു...
നിർമ്മല
ലോകക്രമത്തിനായി...


ഓരോ മനുഷ്യനും
ഈശ്വരനെന്നുള്ള..
തൻ ഗുരുവാക്യം അറിഞ്ഞു..

ലക്ഷ്യത്തിലെത്തുവാൻ
സന്യാസി ശ്രേഷ്ഠരെ..
സംഘടിപ്പിച്ചൊരു
സംഘമാക്കി..

വംഗ ദേശത്തെ മകര
ജ്യോതിസ്സന്നു..
തൻ ഗുരുനാമ
മന്ത്രാക്ഷരത്താൽ...
എങ്ങുമേ ശക്തി
പരത്തി... അതിന്നല..
ഇങ്ങീ ശിവപുര
പ്രാന്തമെത്തി...

ത്യാഗിവര്യൻ
തപോനിഷ്ഠനൊരാൾ
ഉൾക്കൊണ്ടുതൻ
സോദരർ-
ക്കുന്നതിക്കായ്...
വിലങ്ങൻെറ മണ്ണിലീ-
പുറനാട്ടുകരയിൽ
നിലത്തെഴുത്തക്ഷര-
ദീപം കൊളുത്തിവച്ചു..





തൊട്ടുകൂടാത്തവർക്കുള്ളിൽപടർന്നൊരാ-
ഭദ്രദീപപ്രഭ പ്രോജ്ജ്വലിക്കേ..




ചുറ്റും തെളിഞ്ഞു
കരുത്തുമാർജ്ജിച്ചത്
നവ ദശ വർഷങ്ങൾ
തിളങ്ങിമിന്നീ..

അന്യന്റെയുന്നതിമാത്രം
കണക്കാക്കി...
തന്നെ മറന്നൊരാ ത്യാഗ
മൂർത്തി...ദർശനം ചെയ്തൊരീ
കല്പവൃക്ഷത്തിന്റെ
ശീതളച്ഛായയിൽ
ഞാനിരിക്കെ..

ഉള്ളിൽ നിറഞ്ഞ വികാരഭാവത്തോടെ..
നന്ദിപൂർവ്വം ഞാൻ അനുസ്മരിപ്പൂ...
ഒന്നുമേ ദക്ഷിണയാകയില്ലാകയാൽ..
ഭക്തിപൂർവ്വം ഞാൻ നമസ്കരിപ്പൂ......

(അനീഷ് ആർ നായർ)

.....................................................................................................................................................



# ഭാരതപുത്രി ഭഗിനി നിവേദിത

ഭാരതം തപിക്കുമ്പോൾ ഭാസുരപ്രഭയോടെ

ഭാവി തന്നനശ്വരവീഥിയിൽ സുധീരമായ്...

ഭാരതനാട്ടിൽ നിത്യഭാവുക സന്ദേശമായ്

ഭാനുബിംബാഭ തീർത്ത ഭാഗശാലിനി മാതേ...!



വിശ്വൈക വന്ദ്യനായ നിസ്തുല നരേന്ദ്രൻെറ

തപ്തമാം മനതാരിൽ വിടർന്ന പ്രസൂനമേ!

ഭാഗ്യദായിനീ ദേവീ! ഭാവശാലിനീ നീയേ...

ഭാരതവർഷത്തിലെ ഭഗിനീ നിവേദിതേ...!



നവഭാരതത്തിൻെറ ദുർവിധി കാണ്കെ കാണ്കെ

നിറവായ് തെളിയുന്നു നിൻെറയാ ശാലീനത!

അല്ലയോ സമർപ്പിതേ! വന്നണയുക നിത്യകർമ്മത്തിൻ കമനീയമണ്ണിലായ് ഒരുവട്ടം...!


എൻസഹജാതർക്കായി എൻെറ സംസ്കൃതിക്കായി

എൻെറ പൈതൃകത്തിൻെറ സുകൃതസംസ്കൃതിക്കായ്...

(എൻ.ഹരീന്ദ്രൻനായർ)

---

ലോകവിസ്മയം





# സൗഹൃദം

അന്ന്,
ആശ്രമത്തിൽ
അന്നം പങ്കിട്ട്
നാമെടുത്ത
സൗഹൃദം

അതുല്യം
അദ്ധ്യാത്മദീപ
പ്രശോഭ
സുന്ദരകാലം

അദ്ധ്യാപന
നാൾവഴിയിൽ
യൗവ്വനക്കനൽ
ശോഭയാർന്ന
കാലം

ഇന്ന്,
നരകാലം
ഒപ്പം
അശ്വവേഗം
മറയും
വിദ്യാമന്ദിരം
കുടുംബഭ്രമണകാലം

നാളെ,
കാലഗതിയിൽ
കലണ്ടറുകളെത്ര
മാറിയാലും


മറയുവതാവില്ലീ
ദേവസന്നിധിയേകും
ഊഷ്മളഹൃദയബന്ധം




(അനീഷ്)

********************************************************************************

ലോകവിസ്മയം



## വീണ്ടെടുക്കുമോ ആ സ്വർഗ്ഗരാജ്യം......................

വണങ്ങുന്നിതാ എൻ ഭൂമിദേവിയെ

പുൽകുന്നിതാ ഞാൻ ഈ ഭൂമിയെ

എല്ലാ അപൂർണ്ണതയോടെ

ഒരു സ്വർഗ്ഗരാജ്യം മെനഞ്ഞെടുക്കുവാൻ



വലിച്ചെടുത്തു ചുഴററിയെറിയുന്നിതാ

ഈ കാളിന്ദി തൻ കാളിയനെ

ഈ ദേവഭൂവിൽ നിന്ന്

കാളിയനായി അവതരിച്ച സാത്താനെ

നീ പോയി മറയും നോക്കെത്താ ദൂരേക്ക്

എൻ സ്വർഗ്ഗഭൂവിൽ തിമിർത്തു

തുള്ളിക്കളിച്ചീടട്ടെ ഓരോ അണുകീടവും

ഈ ഭൂമിയൊരു ആനന്ദ സ്വർഗ്ഗമായിടട്ടെ

ഒരിക്കൽക്കൂടി കാണട്ടെ ഞാൻ

മതിലുകളില്ലാതെ അതിർവരമ്പുകളില്ലാതെ

കാനനച്ഛായയിൽ മേഞ്ഞുനടക്കും

ലോകവിസ്മയം

## ആർദ്രത

മനുഷ്യനോടൊപ്പം മൃഗങ്ങളും

പക്ഷിശലഭാദികളും

കുനകുട്ടും ഉറുമ്പുകളും ചിതലുകളും

കാനനച്ചോലയിൽ നീരാട്ടും

മത്സ്യങ്ങളും കൂർമ്മവരാഹങ്ങളും


നമുക്കു വീണ്ടെടുക്കണമാ നഷ്ടസ്വർഗ്ഗം...



(ജയശ്രീ വിജയൻ)

****************************************************************************************************

ലോകവിസ്മയം





## അമ്മ



പത്തുമാസത്തെ നോവിനൊടുവിൽ
പിറന്നുവീണ ഞാനീ പാരിൽ
എടുത്തുയർത്തി മാറോടണച്ച
എന്നമ്മ എൻ കൂട്ടുകാരി

ആ നിമിഷം മുതൽ വളരുന്നതും നോക്കി എന്നെ
താലോലിച്ച വളർത്തും ദൈവമാണെന്നമ്മ
എന്നുമെൻെറ കളിക്കൂട്ടുകാരിയായി ദൈവമായി
അധ്യാപികയായി
എന്നുമെൻ ഉയരങ്ങൾ കാണാനാശിച്ചൊരു
തോഴിയാണെന്നമ്മ


തല്ലിയും ശാസിച്ചും എന്നെ ഉയരങ്ങളിലേ -
ക്കെത്തിച്ചൊരു കളിക്കൂട്ടുകാരിയാണെന്നമ്മ
എന്നുമെൻ കൂടെയുണ്ടാകു -
മെന്നുറപ്പുള്ള ഏകയാളാണെന്നമ്മ

എന്നും ഞാൻ കഴിക്കുന്നത്
എന്നമ്മയുണ്ടാക്കിയ അന്നം
എന്നെങ്കിലുമൊരുനാൾ അമ്മയെന്നെ വിട്ടുപോയാൽ
തകരുന്ന കണ്ണാടിയാമെന്നുടെ ഹൃദയം

എന്നെങ്കിലും എൻ മനമൊന്നു വിങ്ങിയാൽ
തകർന്നുപോകുമെൻ മാതാവിൻ ഹൃദയം
എന്നെ സ്നേഹിച്ച കെട്ടിപ്പിടിച്ചും ചുംബനം പൊതിഞ്ഞും
നല്ല ശീലങ്ങൾ പഠിപ്പിക്കാനുള്ള തിരക്കിലായിരുന്നെന്നമ്മ എന്നുമെന്നും . . .

(ശ്രീനന്ദ . എം . എസ്)

- - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - -



# <u>ഉണ്ണിയുടെയൊരു പെടാപാട്</u>



ലോകവിസ്മയം

ആർദ്രത

ഒന്നിനും നേരമില്ലാ എന്റുണ്ണിക്ക് ഒന്നിനും നേരമില്ലാ
ഒന്നിനും നേരമില്ലാ എൻറുണ്ണിക്ക് ഒന്നിനും നേരമില്ലാ
ഉണ്ണാനും നേരമില്ലാ എൻറുണ്ണിക്ക് ഉടുക്കാനും നേരമില്ലാ
ഉണ്ണാനും നേരമില്ലാ എൻറുണ്ണിക്ക് ഉടുക്കാനും നേരമില്ലാ

ഒന്നിനും നേരമില്ലാ എന്റുണ്ണിക്ക് ഒന്നിനും നേരമില്ലാ
ഒന്നിനും നേരമില്ലാ എൻറുണ്ണിക്ക് ഒന്നിനും നേരമില്ലാ
ആടാനും നേരമില്ലാ എൻറുണ്ണിക്ക്പാടാനും നേരമില്ലാ
ചാടാനും നേരമില്ലാ എന്റുണ്ണിക്ക് ഓടാനും നേരമില്ലാ


ഒന്നിനും നേരമില്ലാ എന്റുണ്ണിക്ക് ഒന്നിനും നേരമില്ലാ
ഒന്നിനും നേരമില്ലാ എൻറുണ്ണിക്ക് ഒന്നിനും നേരമില്ലാ
എഴുതാനും നേരമില്ലാ എന്റുണ്ണിക്ക് പഠിക്കാനും നേരമില്ലാ
വരയ്ക്കാനും നേരമില്ലാ എൻറുണ്ണിക്ക് വളയാനും നേരമില്ലാ

ഒന്നിനും നേരമില്ലാ എന്റുണ്ണിക്ക് ഒന്നിനും നേരമില്ലാ
ഒന്നിനും നേരമില്ലാ എൻറുണ്ണിക്ക് ഒന്നിനും നേരമില്ലാ
മിണ്ടാനും നേരമില്ലാ എന്റുണ്ണിക്ക് നോക്കാനും നേരമില്ലാ
കളിക്കാനും നേരമില്ലാ എൻറുണ്ണിക്ക് കൂട്ടു കൂടാനും നേരമില്ലാ

ഒന്നിനും നേരമില്ലാ എന്റുണ്ണിക്ക് ഒന്നിനും നേരമില്ലാ
ഒന്നിനും നേരമില്ലാ എൻറുണ്ണിക്ക് ഒന്നിനും നേരമില്ലാ
കളിക്കാനുംനേരമില്ലാ എൻറുണ്ണിക്ക് കറിവരയ്ക്കാനും നേരമില്ലാ
ചിരിക്കാനും നേരമില്ലാ എൻറുണ്ണിക്ക് കരയാനും നേരമില്ലാ
ഒന്നിനും നേരമില്ലാ എൻറുണ്ണിക്ക് ഒന്നിനും നേരമില്ലാ

---





## നിരുപദ്രവാചാരങ്ങൾ

പിറവിയെടുത്ത്

ഇരുപത്തെട്ടാംനാൾ

നൂലുകെട്ടുന്നൊരാചാരം..

തൊണ്ണൂറാം നാൾ പിതൃ-

ഭവനം പൂകുന്നൊരാചാരം

നാവിൽ തേനും‌വയമ്പു-

മിറ്റുന്നൊരാചാരം..



അക്ഷരവഴി

തടസ്സമില്ലാതാകുവാൻ

ആശാൻ സമക്ഷം

അരിയിലെഴുത്ത്..

മാംഗല്യത്തിനും സവി-

ശേഷാചാരം..

ഗർഭവിശേഷം

മധുരം പകരൽ..

## ആർദ്രത

വാഴ്ച്ചയ്ക്കും

വീഴ്ച്ചയ്ക്കുമാചാരം..

ശേഷം ശേഷക്രിയാദി

പിതൃതർപ്പണം..




മനുഷ്യകുലത്തിന-

ശ്ശാന്തി വിതയ്ക്കും

ദുരാചാരമൊന്നൊന്നായി

കടക്കു പുറത്ത്

നിരുപദ്രവാചാരങ്ങൾ

ഒരു പിടി...


അവയേതുമീ രാജ്യത്തെ

പിന്നോട്ടടിക്കുമോ?

(അനീഷ്)

% % % % % % % % % % % % % % % % % % % % % % % % % % % % %

ലോകവിസ്മയം



# ഒരു തീരാനൊമ്പരം




ശക്രാനന്ദ സ്വാമിജിയുടെ
സംരക്ഷണയിൽ..
അർച്ചനാനന്ദ സ്വാമിജിയുടെ
വാത്സല്യത്തിൽ...
ആശ്രമം അന്തേവാസികളായി
അല്ലലില്ലാതെ...
സൗഹൃദവും സാഹോദര്യവും
ഒന്നുചേർന്ന സുവർണ്ണകാലം...


പിന്നീടെപ്പോഴോ
ചങ്ങാതി
ചരടുപൊട്ടിയ
പട്ടം കണക്കെ പറക്കാൻ
തുടങ്ങിയതിൽ
അസ്വസ്ഥത തോന്നി
ഏറെക്കലഹിച്ചു..
നേർക്കുനേർ കണ്ടാലും
മിണ്ടാതിരുന്നു...

എപ്പോഴെങ്കിലും
ജീവിത പട്ടത്തിൻെറ
ചരട് ചങ്ങാതി
വീണ്ടെടുക്കുമെന്ന്
ആത്മാർത്ഥമായി കരുതി..
അതുണ്ടായില്ല...

ലോകവിസ്മയം



## ആർദ്രത



ആ പട്ടം ഇനി തിരികെ വരില്ല

എന്ന വിങ്ങൽ..

നിത്യേന ഉറക്കം കെടുത്തുന്നു...

പേർത്തും പേർത്തും

പറയുന്നതും ഇത്തരത്തിൽ

എഴുതുന്നതും നിഷ്ഫലം

എങ്കിലും

തപം കൊണ്ട മനത്തിന്

ചെറു ശാന്തി...


അത്രമാത്രം.......

(അനീഷ്)

*****************************************************************************************************

ലോകവിസ്മയം

ആർദ്രത



# ചില പ്രധാന ദിനങ്ങൾ

ജനുവരി 1 ആഗോള കുടുംബദിനം

ജനുവരി 10 ലോകചിരി ദിനം

ജനുവരി 12 ദേശീയ യുവജനദിനം

ജനുവരി 15 ദേശീയ കരസേനാദിനം

ജനുവരി 4 ദേശീയ ബാലികാദിനം

ജനുവരി 25 ദേശീയ വിനോദസഞ്ചാരദിനം

ജനുവരി 26 റിപ്പബ്ളിക്ദിനം




ഫെബ്രുവരി 2 ലോക വെററ് ലാൻറ്ദിനം

ഫെബ്രുവരി 4 ലോക അർബുദദിനം

ഫെബ്രുവരി 14 വാലൻൈൻറൻസ്ദിനം

ഫെബ്രുവരി 21 അന്താരാഷ്ട്ര മാതൃഭാഷാദിനം

ഫെബ്രുവരി 28 ദേശീയ ശാസ്ത്രദിനം

മാർച്ച് 4 ദേശീയ സുരക്ഷാദിനം

മാർച്ച് 8 ലോക വനിതാദിനം

മാർച്ച് 21 ലോക വനദിനം

മാർച്ച് 22 ലോക ജലദിനം




ഏപ്രിൽ 1 ലോക വിഡ്ഢിദിനം

ഏപ്രിൽ 2 ലോക ഓട്ടിസം അവയർനെസ്സ് ദിനം, ലോക മൈൻ അവയർനെസ്സ് ദിനം

ഏപ്രിൽ 7 ലോക ആരോഗ്യദിനം

ഏപ്രിൽ 13 ജാലിയൻ വാലാബാഗ് ദിനംഏപ്രിൽ 14 അംബേദ്കർ ദിനം

ലോകവിസ്മയം



ഏപ്രിൽ 22 ലോക ഭൗമ ദിനം

ഏപ്രിൽ 23 ലോകപുസ്തകദിനം

മെയ് 1 തൊഴിലാളി ദിനം

മെയ് 3 പത്ര സ്വാതന്ത്ര്യദിനം, സൗരോർജ്ജദിനം

മെയ് 8 ലോക റെഡ്ക്രോസ് ദിനം

മെയ് 12 ആതുര ശുശ്രൂഷ ദിനം

മെയ് 13 ദേശീയ ഐക്യദാർഢ്യദിനം

മെയ് 15 ദേശീയ കുടുംബദിനം

മെയ് 17 ലോക വിദൂരവാർത്താവിനിമയദിനം

മെയ് 21 ഭീകരവാദവിരുദ്ധദിനം

മെയ് 22 ജൈവ വൈവിദ്ധ്യദിനം

മെയ് 31 ലോക പുകയില വിരുദ്ധദിനം

ജൂൺ 4 അന്തർദ്ദേശീയ നിരപരാധി കുട്ടികളുടെ ദിനം

ജൂൺ 5 ലോകപരിസ്ഥിതി ദിനം

ജൂൺ 6 അന്തർദ്ദേശീയ ഒളിമ്പിക് അസോസിയേഷൻ എസ്റ്റാബ്ളിഷ്മെന്റ് ദിനം

ജൂൺ 14 ലോക സമുദ്രദിനം

ജൂൺ 14 ലോക രക്തദാനദിനം

ജൂൺ 19 വായനാദിനം

ജൂൺ 21 ലോക സംഗീതദിനം


ജൂൺ 26 ലോക ലഹരിവിരുദ്ധദിനം, പോളിയോ വാക്സിനേഷൻ ദിനം




ജൂലൈ 1 ഡോക്ടേഴ്സ് ദിനം,ലോക ആർകിടെക്ചറൽ ദിനം

ജൂലൈ 11 ലോക ജനസംഖ്യാദിനം

ജൂലൈ 16 ദേശീയ സ്കൂൾ സുരക്ഷാദിനം



ആഗസ്റ്റ് 8 ലോക വയോജനദിനം

ആഗസ്റ്റ് 12 ലോക യുവജനദിനം

ആഗസ്റ്റ് 20 ദേശീയ സദ്ഭാവനാദിനം

ആഗസ്റ്റ് 29 ദേശീയ കായികാദിനം




സെപ്റ്റംബർ 5 ദേശീയ അധ്യാപകദിനം

സെപ്റ്റംബർ 8 ലോക സാക്ഷരതാദിനം

സെപ്റ്റംബർ 15 എഞ്ചിനീയേഴ്സ് ദിനം

സെപ്റ്റംബർ 16 ഓസോൺ ദിനം

സെപ്റ്റംബർ 21 അൾഷിമേഴ്സ് ദിനം, ലോക സമാധാനദിനം

സെപ്റ്റംബർ 25 സാമൂഹ്യനീതിദിനം

ഒക്ടോബർ 1 ലോക വൃദ്ധദിനം

ഒക്ടോബർ 2 അന്താരാഷ്ട്ര അഹിംസാദിനം, ദേശീയ സേവന ദിനം

ഒക്ടോബർ 5 ലോക അധ്യാപകദിനം

ഒക്ടോബർ 6 ലോക ഭക്ഷ്യസുരക്ഷാദിനം, ലോക വന്യജീവിദിനം

ഒക്ടോബർ 8 ദേശീയ വ്യോമസേനാദിനം

ഒക്ടോബർ 10 ലോക മാനസികാരോഗ്യദിനം

ഒക്ടോബർ 13 സംസ്ഥാന കായികാദിനം

ഒക്ടോബർ 14 ലോക സൗഖ്യദിനം


ഒക്ടോബർ 16 ലോക ഭക്ഷ്യദിനം

ഒക്ടോബർ 17 ദാരിദ്ര്യ നിർമാർജ്ജന ദിനം

ഒക്ടോബർ 24 ഐക്യരാഷ്ട്ര ദിനം

ഒക്ടോബർ 28 അന്താരാഷ്ട്ര ആനിമേഷൻ ദിനം

ഒക്ടോബർ 30 ലോക സമ്പാദ്യ ദിനം




നവംബർ 1 കേരളപ്പിറവി
നവംബർ 5 ലോക വനദിനം
നവംബർ 11 ദേശീയ വിദ്യാഭ്യാസദിനം
നവംബർ 12 ലോക പക്ഷിനിരീക്ഷണ ദിനം
നവംബർ 14 ദേശീയ ശിശുദിനം
നവംബർ 26 സ്ത്രീധനവിരുദ്ധദിനം
നവംബർ 30 ലോക കമ്പ്യൂട്ടർ സുരക്ഷാദിനം




ഡിസംബർ 1 എയ്ഡ്സ് ദിനം
ഡിസംബർ 2 ലോക കമ്പ്യൂട്ടർ സാക്ഷരതാദിനം
ഡിസംബർ 3 ഭോപ്പാൽ ദുരന്തദിനം, ലോക വികലാംഗദിനം
ഡിസംബർ 4 ദേശീയ നാവികാദിനം
ഡിസംബർ 5 മാതൃ സുരക്ഷാദിനം
ഡിസംബർ 10 ലോക മനുഷ്യാവകാശദിനം
ഡിസംബർ 16 ദേശീയ വിജയദിനം
ഡിസംബർ 23 ദേശീയ കർഷകദിനം

(ഇമ്മാനുവേൽ)



# ഞാൻ വായിച്ചറിഞ്ഞ ഗുണപാഠങ്ങൾ

രാത്രി ഉറങ്ങാൻ കിടന്നാൽ രാവിലെ എണീക്കും എന്ന് ഉറപ്പില്ലാത്ത ഈ ലോകത്ത് നമ്മൾ എന്തിന് അഹങ്കാരം കാണിക്കണം

നമ്മുടെ ശരീരം വേദനിപ്പിക്കാൻ എല്ലാവർക്കും കഴിയും, പക്ഷേ നമ്മുടെ മനസ്സിനെ വേദനിപ്പിക്കാൻ നമ്മൾ ജീവനുതുല്യം സ്നേഹിക്കുന്നവർക്കു മാത്രമേ കഴിയൂ



മായിച്ചു കളയണം ചില വാശികൾ, പറഞ്ഞു തീർക്കണം ചില പരിഭവങ്ങൾ, മാററി കൊടുക്കണം ചില തെററിദ്ധാരണകൾ. നാളെ നമ്മളിൽ ആരുണ്ടാവുമെന്ന് പറയാനാവില്ലല്ലോ




ജീവിതത്തിൽ കുറച്ചു സ്വാർത്ഥരാകണം നമ്മൾ, കാരണം നിഷ്കളങ്കരെ മുതലെടുത്ത ചരിത്രങ്ങൾ ധാരാളം

ജീവിച്ചിരിക്കുമ്പോൾ എത്ര വലിയ വീട് വെച്ചാലും, എത്ര വലിയ വാഹനങ്ങൾ വാങ്ങിയാലും, എത്ര ബാങ്ക് ബാലൻസ് സ്വന്തമാക്കിയാലും കല്ലറകളുടെ വലിപ്പം തുല്യമായിരിക്കും

പഞ്ചസാരക്കും ഉപ്പിനും ഒരേ നിറമാണെങ്കിലും രുചി വളരെ വ്യത്യസ്തമാണ്, അതുപോലെയാണ് ചില സുഹൃത്ത്ബന്ധങ്ങളും

ലോകവിസ്മയം



സ്നേഹിക്കാനൊരു മനസ്സുണ്ടെങ്കിൽപിന്നെ കുറവുകൾക്കൊന്നും അവിടെ സ്ഥാനമില്ല; കുറവുകൾ അറിഞ്ഞ് സ്നേഹിക്കുമ്പോഴാണ് സ്നേഹം യാഥാർത്ഥ്യമാകുന്നത്


അനുഭവത്തിൻറെ തീച്ചൂളയിൽ ചുട്ടെടുത്ത വാക്കുകൾക്ക് ഭംഗി കുറവായിരിക്കാം, അതുകൊണ്ടുതന്നെ അച്ഛൻെറ ഉപദേശം മക്കൾക്ക് പലപ്പോഴും ഇഷ്ടപ്പെടാതെ പോകുന്നു



നമ്മളേക്കാൾ ഉയരത്തിലുള്ളവരെ നോക്കുമ്പോൾ വിഷമവും ദു:ഖവും തോന്നാം, നമ്മളേക്കാൾ താഴെയുള്ളവരെ ഒന്നു നോക്കു അപ്പോൾ അറിയാം നാം എത്ര ഉയരത്തിലാണെന്ന്

നമ്മൾ എന്താണോ പറഞ്ഞത് അതിന് നമ്മൾ ഉത്തരവാദിയാണ്, പക്ഷേ മററുള്ളവർ എന്താണോ എങ്ങിനെയാണോ മനസ്സിലാക്കിയത് എന്നതിന് നമ്മൾ ഉത്തരവാദിയല്ല

ഒരു കൊമ്പിൽ നിന്നും മറെറാരു കൊമ്പിലേക്ക് പറക്കുന്ന പക്ഷി പഠിപ്പിക്കുന്ന ഒരു പാഠമുണ്ട്.....ഒരു കൊമ്പിനേയും കൂടുതൽ നാം ആശ്രയിക്കരുതെന്ന പാഠം



## ആർദ്രത

ജീവിതത്തിൽ നല്ലതല്ലാത്ത കാര്യങ്ങൾ സംഭവിക്കുമ്പോൾ അതിനേക്കാൾ വലിയ ദുരന്തങ്ങൾ ഉണ്ടായില്ലല്ലോ എന്നാശ്വസിക്കുക, സമാധാനിക്കുക, സന്തോഷിക്കുക

എളിമയോടെ ജീവിക്കുക,സ്നേഹിക്കുക,സഹായിക്കുക; സഹായിക്കുക എന്നതിനേക്കാൾ വലിയ കാര്യമാണ് ആരേയും ഉപദ്രവിക്കാതിരിക്കുക എന്നത്



ചെറിയ കുരയാണെങ്കിലും അതിനുള്ളിൽ സമാധാനമുണ്ടെങ്കിൽ അത് കൊട്ടാരത്തേക്കാൾ വലുതാണ്

ചിരിക്കുന്ന മുഖങ്ങൾ സൂചിപ്പിക്കുന്നത് അവർക്ക് ദു:ഖമില്ലെന്നല്ല മറിച്ച് അത് കാണിക്കാതിരിക്കാനും കൈകാര്യം ചെയ്യാനും പഠിച്ചിരിക്കുന്നു എന്നാണ്

ഒന്നു കാലുതെന്നി വീണാൽ തീരുന്ന ജീവിതത്തിന് എന്ത് ജാതി, എന്ത് മതം; ജീവിക്കാനുള്ള ഒരവസരവും പാഴാക്കരുത്, കാരണം ജീവിതം തന്നെ ഒരവസരമാണ്

അനുഭവങ്ങളേക്കാൾ വലിയ പാഠവും ജീവിതത്തേക്കാൾ വലിയൊരു വിദ്യാലയവും ഈ ഭൂമിയിലില്ല

(രജിത്ത്)

##########################################################################################

ലോകവിസ്മയം

ആർദ്രത

# INNOCENCE




Its not far away,nor too close
the final knot has been tied
not out of love, nor of enemity
the orders has to be obeyed

the crime has to pay
for us outdone mischief
though the pay now decides
the criminal though innocent

the more you could pay
the more innocent you are

ലോകവിസ്മയം



it depends on how much
you hold the clean mans note[1]

the offshore never cries
the dead mans name
who changed on a knot
for a crime, he never did

the clean mans heart
the waves of innocence
the fragrance of goodwill
bent for the clean mans note

the wings of innocence
shredded against time
the pure hearted damsel
stained with blood


let wait to the world
where we plead innocence

(Jonathan)

---

1 note=currency

ആർദ്രത



## എൻെറ കമ്പ്യൂട്ടർ കളികൾ

ജിംമ്പ് ഡ്രോയിങ്

ഇങ്ക്സ്കേയ്പ്പ് ഡ്രോയിങ്

ടൈപ്പിങ്

ഒഡാസിററി

ആനിമേഷൻ

വീഡിയോ എഡിററിങ്

ഫോട്ടോ ഷൂട്ടിങ്

സ്കാച്ച് പ്രോഗ്രാമിങ്




പൈത്തൺ പ്രോഗ്രാമിങ് /home/user/Desktop/python2.py

ജിയോജിബ്രാ പാറേറൺ നിർമ്മാണം/home/user/Desktop/geogebra 1.ggb


റോബോർട്ടുകളുടെ വീഡിയോ നിരീക്ഷണം/home/user/Desktop/Robots - Top 10 Most Amazing Advanced Robots That Will Change Your World.mp4

ഇലക്ട്രോണിക്സ് /home/user/Desktop/What is a Raspberry Pi.mp4

(എൽവിൻ, എബിൻ, അനന്തനാരായണൻ, ശ്രീകുമാർ, വിഷ്ണു,............)

---

ലോകവിസ്മയം




## ഉലകത്തിനാനന്ദം



‘അ’യിൽ നിന്നമ്മയും ‘ആ’യിൽനിന്നാനയും
അമ്മ,യാനയിൽനിന്നെത്രയോ വലുതെന്ന ചിന്തയും
അമ്മയാകാശത്തെ ചെറുതാക്കുന്ന ചിന്തയും
അറിവില്ലാമക്കൾക്കെന്ന് തോന്നും,
അവരെല്ലാം നെററിലും ബുക്കിലുമല്ലോ!

ലോകവിസ്മയം



എന്തെഴുതണം എങ്ങനെയെഴുതണം
ഇന്നലെയോ പഠിച്ചീലായിന്നും പഠിച്ചീല
പഠിക്കണമെന്ന ചിന്തയേ വലയ്ക്കുന്നു വലിക്കുന്നു
തട്ടിത്തെറിപ്പിക്കുന്നുയെൻ ഹൃദയപന്ത്.

തട്ടിപ്പറിക്കലും അട്ടിമറിക്കലും കുത്തിപ്പൊളിക്കലും ഹായെന്ത്!
മെനങ്ങാതെ മിനുങ്ങും മാനവരും
പണിയാതെ പണവും പണം കൊയ്യും പണിയും
മനമേറ്റും ഈ നാടിൻ നെറിയെവിടെ?
ആഘോഷത്തിമിർപ്പിലാർത്തിപൂണ്ടാളുകൾ ഗുണ്ടിന്റെ ശ്രൂപത്തിൽ
കോടികൾ കത്തിച്ച് ഭ്രമിക്ക് കുറുകെയും പുറമെയും
കോറിന്റെ ചൂട് വരുത്തിടുന്നു.

ആത്മസംഘർഷത്തിലും കാണുന്നുനിൻ ഭാവിയെ,
സർക്കസ്സിലുയരത്തിലാടിടും പോൽ
സർക്കീറ്റടിക്കുന്ന ഞാനും ഉയരത്തിൽ
കാണും കലാലയമുത്തുകൾ കിനാക്കളിൽ
തൻ ജയം നിശ്ചയം നിശ്ചയം.
പൃഥ്വിയെ സ്വപ്നത്തിൽ പ്രപഞ്ചത്തോളമെത്തിക്കും
കലാമിക്കുത്തിൽ ജയിക്കുമോ?
ഫക്കീറിൻ ജയം സുനിശ്ചിതം
ജയിക്കണേ നന്മകൾ, ക്ഷയിക്കണേ കൊക്കെയ്നുകൾ.
ഒന്നെങ്കിലുലക്കകൊണ്ടെന്ന പഴമൊഴി പഴകിയോ


ലോകവിസ്മയം



ഈ അവകാശങ്ങൾ ഹനിക്കുന്നതെത്ര കാതം?
ഉൺമയായെൻ ഗുരു എന്നിലെ കടിഞ്ഞാൺ
പിടിച്ചഴിച്ചിട്ടപോലെ വിട്ടതെന്തിനോ ഏതിനോ
എൻ സ്വാതന്ത്ര്യസാഗരത്തിലാറാടി
എന്നിലെയാനന്ദമീയുലകത്തിനാനന്ദമെന്നാധാരമായ-
യുള്ളിന്റെയുള്ളിലെയറിവിലേക്കോ?



*******************************************************************************



# ഒരു ദേശീയദിന സ്മരണ

/home/user/Desktop/mag hyperlinks/VID-20190127-WA0008.mp4



ശ്രീരാമകൃഷ്ണ വിവേകാനന്ദവാണികൾ സദാ മന്ത്രിക്കുന്ന വിദ്യാമന്ദിരസമുച്ചയത്തിൽ പട്ടാളബാരക്കിനെ അനുസ്മരിക്കുന്ന രീതിയിലാണ് ദേശീയദിനങ്ങൾ ആചരിക്കാറുള്ളത്. സ്റ്റേജ്, പ്രത്യേകം തെയ്യാറാക്കിയ ധ്വജപീഠം എന്നിവ ഏറെ ആകർഷകമാകാറുണ്ട്.

കമാൻഡർ സർജൻറ് പരേഡിനായി പ്ലാറ്റൂണുകളെ ക്ഷണിക്കുന്നു തുടർന്ന് കോർപ്പൽ പ്ലാറ്റൂണുകളെ ഗ്രൗണ്ടിലേക്ക് നയിക്കുന്നു. കാണുന്നവർക്ക് രോമാഞ്ചമുണ്ടാകുന്ന വിധം പരേഡ് എൻ സി സി കാഡറ്റുകളും ഭാരത് സ്കൗട്ടിൻെറ കാഡറ്റുകളും നയിക്കുന്നു. തുടർന്ന് ഭാരതത്തിൻെറ വിശുദ്ധിയുടെ വസ്ത്രമായ തൂവെള്ളയണിഞ്ഞ കുട്ടികൾ വന്ദേമാതരം ആലപിക്കുന്നു. വിദ്യാലയമേലാധികാരി പ്രിൻസിപ്പൽ പതാക ഉയർത്തുന്നു. പതാക ഉയർത്തൽ ചടങ്ങിന് സീനിയർ എൻ സി സി ഓഫീസർ ദിനേശൻമാസ്ററും ഭാരത് ഗൈഡ് ഓഫീസർ ബിന്ദുടീച്ചറും അനുധാവനം ചെയ്യുന്നു. പരേഡ് കമാൻഡർ കൂടിയായ ദിനേശൻമാസ്ററർ പ്രധാന അധ്യാപകനെ പരേഡ് നിരീക്ഷിക്കുന്നതിനായി ക്ഷണിക്കുന്നു. തുടർന്ന് ദേശഭക്തിഗാനം,ദേശീയദിനപ്രാധാന്യത്തെ അടിസ്ഥാനമാക്കി സന്ദേശം നൽകാനായി പ്രധാനാധ്യാപകനെ ക്ഷണിക്കുന്നു.



**ആർദ്രത**

മുൻകുട്ടി എഴുതിത്തെയ്യാറാക്കിയ സന്ദേശത്തിൽരാഷ്ട്രസേവനത്തിൽമുഴുകിയ വീരസേനാനികൾക്കുള്ള ആദരവും നമ്മുടെ വിദ്യാലയത്തിൻെറ പൈതൃകവും നമ്മുടെ സംസ്കാരത്തെ നശിപ്പിക്കാൻ ശ്രമിക്കുന്ന അധിനിവേശശക്തികൾക്കെതിരെജാഗരൂകരായിരിക്കണമെന്നുംഓർമിപ്പിക്കാറുണ്ട്..ദേശീയഗാനമാലപിച്ച ശേഷം കമാൻഡർ പരേഡ് അവസാനിപ്പിക്കുന്നതിനായി അനുവാദം വാങ്ങുന്നു. ഇത്തരം ചടങ്ങുകൾ ഇനിയുമിനിയും നമ്മുടെ പുതുതലമുറയുടെ ദേശസ്നേഹം സാഹോദര്യം എന്നിവ വർധിക്കുന്നതിന് പ്രചോദനമാകട്ടെ...




(ശശി കളരിയേൽ)

₹₹₹₹₹₹₹₹₹₹₹₹₹₹₹₹₹₹₹₹₹₹₹₹₹₹₹₹₹₹₹₹₹₹₹₹₹₹₹₹₹₹₹₹₹₹₹₹₹₹₹

ലോകവിസ്മയം